(ബി) ഇതിനകം എത്ര പ്രാവശ്യം എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട് ; ഏറ്റവും പുതിയ എസ്റ്റിമേറ്റ് എത്ര രൂപയാണ് ;

(സി) പുതിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് 4 തവണ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതിയ എസ്റ്റിമേറ്റ് 8 കോടി രൂപയുടേതാണ്.

(സി&ഡി) ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികൾ

323 (†1357) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012-13, 2013-14, 2014-15 വർഷത്തിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികൾ ഏതെല്ലാം ; ഓരോന്നിന്റെയും അടങ്കൽ തുക എത്ര : ഇതിൽ നാളിതുവരെ ആരംഭിച്ച പ്രവൃത്തികൾ എന്തെല്ലാം ; ബാക്കിയുള്ളത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

2012-13, 2013-14, 2014-15 വർഷത്തിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികൾ ദേശീയപാത വിഭാഗം, നിരത്തു വിഭാഗം, കെട്ടിട വിഭാഗം എന്നിവ തിരിച്ച് യഥാക്രമം അനുബന്ധം 1- ഉം 2- ഉം 3- ഉം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly